# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറാക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM13/194/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറാക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM13/194/22 തീയ്യതി: 01/04/2022

## മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-03-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുന്നാസർ പി (ഓഡിറ്റ് ഓഫീസർ)
ശ്രീ.യൂസഫ് പി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.മുഹമ്മദ് സിയാദ് പി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ഷജീർ കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മൊയ്തീൻക്കുട്ടി മാസ്റ്റർ എ.പി | പ്രസിഡന്റ് | 01-04-2019 | 30-04-2019 |
| ശ്രീ. വി മധുസൂദനൻ | പ്രസിഡന്റ് | 21-05-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 10-04-2019 |
| ശ്രീമതി. അനിത ജെ സ്റ്റീഫൻ | സെക്രട്ടറി | 11-04-2019 | 23-09-2019 |
| ശ്രീമതി. ശ്രീകല. ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2019 | 29-09-2019 |
| ശ്രീമതി. അനിത ജെ സ്റ്റീഫൻ | സെക്രട്ടറി | 30-09-2019 | 31-03-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-05-2019 | 20-05-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദു സലീം വില്ലൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ശിവദാസൻ സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഫർസാന റൂബി കെ.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശ ബി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 26-08-2019 |
| ശ്രീ. മഹേഷ് | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 27-08-2019 | 20-09-2019 |
| ശ്രീമതി. ബീന എം.കെ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 21-09-2019 | 31-03-2020 |
| ശ്രീ. സുധീഷ് കുമാർ കെ.എസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 21-07-2019 |
| ശ്രീ. അഹമ്മദ് എം | ഹെഡ്മാസ്റ്റർ | 22-07-2019 | 31-03-2020 |
| ശ്രീമതി. ലക്ഷ്മി ഒ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. വി.ആർ | അസി. സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി. ശ്രീകല ജി | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| ഡോ.സജീന.പി.എ | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ. ഷുഹൈബ് പി | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. ഗീത എം.ടി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 20-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Shajeer.K (Senior Grade Auditor, On 22-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ബുക്ക് ചെയ്ത ചെലവ് തുകകളിൽ വ്യത്യാസം<br>Written By: ABDHU NAZER.P (Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 19-01-2022)<br>Last Updated By: Unni.P (Deputy Director, On 17-03-2022) | 1-10 |
| 12 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 19-03-2022) | 1-11 |
| 13 | കടമുറികളുടെ വാടക സംബന്ധിച്ച അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-12 |
| 14 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-13 |
| 15 | സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്റ്റ് വർക്കിന്റെ നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 20020 രൂപ തിരിച്ചടവാക്കി.<br>Written By: ABDHU NAZER.P (Audit Officer, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-14 |
| 16 | അർഹതയുള്ള ധനസഹായം മുഴുവൻ നല്കിയില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-15 |

| | | |
|---|---|---|
| 17 | ഡെപ്പോസിറ്റ് പ്രവൃത്തി- കെ.എസ്.ഇ.ബി - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 31-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-16 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തി- വാട്ടർ അതോറിറ്റി - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 31-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-17 |
| 19 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 31-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-18 |
| 20 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 31-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-19 |
| 21 | പണമിടപാടുകൾ നേരിട്ട് നടത്തി<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-20 |
| 22 | പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Shajeer.K (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-3 |
| 4 | മൊബെലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 22-03-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 13-01-2022)<br>Last Updated By: Unni.P (Deputy Director, On 22-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1), 14.02.2019 | 1(1), 29.02.2020 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 3-5-2020 |

### 1-3 വാർഷിക ധനകാര്യ പത്രിക

ധനകാര്യപത്രിക ( 2019-20 AFS- RP പത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 42025682 |
| വരവ് | 68211169 |
| ആകെ | 110236851 |
| ചെലവ് | 67983372 |
| നീക്കിയിരിപ്പ് | 42253479 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16638167 | 16638167 | 13052666 | 3585501 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3548294 | 3548294 | 2770748 | 777546 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14484000 | 14484000 | 6242996 | 8241004 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5106000 | 5106000 | 3272016 | 1833984 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 13113233 | 13113233 | 7173935 | 5939298 |
| ബി ഫണ്ട് | 0 | 25015060 | 25015060 | 25015060 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ബുക്ക് ചെയ്ത ചെലവ് തുകകളിൽ വ്യത്യാസം

2019-20 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ, ഐ.കെ.എം. അപ്‌ലോഡ് ചെയ്ത ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള വിധം വ്യത്യാസം കാണുന്നു.

| ഗ്രാന്റിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Plan (General) | 1,33, 84,155 | 1,30,52,666 | 3,31,489 |
| Plan (SCP) | 27,78,101 | 27,70,748 | 7353 |

മേൽ വ്യത്യാസം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/2019-20/21.1.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വ്യത്യാസത്തിന് കാരണം ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 274 | 111060314 | 146 | 52434937 | 0 | 128 | 53 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9245 | 1516198 | 1528863 | 1120719 | 408144 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19024844 | 19024844 | 19024844 | - |
| ആകെ | 9245 | 20544462 | 20553707 | 20145563 | 408144 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29160 | 21 |
| കർഷക തൊഴിലാളി വേതനം | 947400 | 151 |
| വിധവാ പെൻഷൻ | 8664000 | 1500 |
| വാർദ്ധക്യകാലപെൻഷൻ | 12286500 | 2104 |
| വികലാംഗ പെൻഷൻ | 2637400 | 445 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം | 126600 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10491/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. പദ്ധതി തയ്യാറാക്കൽ, മോണിറ്ററിംഗ് എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ ധർമ്മം കാര്യക്ഷമമായി നിർവ്വഹിക്കുന്നില്ല.

3. ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്.

4. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
5.അസിസ്റ്റന്റ് സെക്രട്ടറി ടി.ആർ 7 എ കാഷ് ബുക്ക് അല്ല സൂക്ഷിക്കുന്നത്. കൂടാതെ പ്രോജക്റ്റ് രജിസ്റ്ററിൽ 2020-21 വർഷത്തെ വിവരങ്ങൾ ചേർത്തിട്ടില്ല. മെഡിക്കൽ ഓഫീസർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുമില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2021 | 09/2021 10/2021 | 16.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.2017 | 2012-13 മുതൽ 2016-17 വരെ | 5.1.2018 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ACR പ്രകാരമുള്ള ഫണ്ടുകളുടെ വിവരം AFS (RP-7) ൽ നിന്നും താഴെ സൂചിപ്പിക്കും വിധം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ACR പ്രകാരം | AFS പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 13052666 | 12588395 |
| വികസന ഫണ്ട് (എസ്.സി.പി) | 2770748 | 2610748 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6242996 | 6143040 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3272016 | 3263033 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 7173935 | 6876315 |

1. അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ചെലവ് പത്രിക പ്രകാരം KWA യിൽ 2500,000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ RP 47ൽ 2250,000 രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

3. B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. Proffession Tax - Employees കളക്ഷൻ AFS പ്രകാരം 1328150ആണ് . എന്നാൽ 2019-20 വർഷത്തെ തൊഴിൽ നികുതി
രജിസ്റ്റർ പ്രകാരം ആയത് 653700 ആണ്.

5. MGNREGS ഭരണ ചെലവ് ഇനത്തിലെ യഥാർഥ വരവ് രജിസ്റ്റർ പ്രകാരം 1519618 ആണ്. എന്നാൽ ആയത് AFS പ്രകാരം 1516198 (വ്യത്യാസം 3420 രൂപ)

6. Sale Of Tender Form ഇനത്തിൽ (RP-5 പ്രകാരം) 279012 രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Tender Form രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. B-11 പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകൾ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

9. 1,20,000 രൂപ വിവാഹ ധനസഹായമായി ചെലവുണ്ട്. എന്നാൽ എ.എഫ്.എസ്. ൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കടമുറികളുടെ വാടക സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ, പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ളവയാണ്. കെട്ടിടത്തിന്റെ നമ്പരും, വാടകക്ക് എടുത്തവരുടെ വിവരവും താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടകക്ക് എടുത്തയാളുടെ പേര് |
|---|---|
| XIV/448, XIV/449 | വിജയകുമാർ വലിയവീട്ടിൽ |
| XIV/452 | അശോക് കുമാർ മേലേപ്പറമ്പിൽ |
| XIV/454 | മാധവി മരുതിൽ |
| XIV/455 | കുമ്മറമ്മൻ ഇയ്യാത്തുട്ടി |
| XIV/456 | സുരേഷ് ഗോപി കണ്ണംമ്പള്ളി |

വാടക സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

(1) വാടക സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥസ്ഥതയിൽ ഉള്ള വാടകക്ക് നൽകുന്ന ഈ കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കുവാനുള്ള നടപടി ക്രമം ) ചട്ടങ്ങൾ എന്നിവ പ്രകാരം വാടക സംബന്ധിച്ച് ബൈലോ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ബൈലോ രൂപീകരികരിച്ചതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. വാടക സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ലെങ്കിൽ, ആയത് രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

(2) വാടക- വാർഷിക വർദ്ധനവ് വ്യത്യസ്ത നിരക്കിൽ വരുത്തുന്നു.

XIV/452, XIV/456 എന്നീ കെട്ടിടങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ വാടക 2019-20 സാമ്പത്തിക വർഷത്തെ വാടകയുമായി താരതമ്യം ചെയ്യുമ്പോൾ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടകയിൽ ഇതേ നിരക്കിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

| പേര്, കെട്ടിട നമ്പർ | 2018-19 ലെ വാടക | 2019-20ലെ വാടക | റിമാർക്ക്സ് |
|---|---|---|---|
| വിജയകുമാർ വലിയവീട്ടിൽ XIV/448 | 15036 (12*1253) | 15540 (4*1253+8*1316) | *04/2019 മുതൽ 07/2019 വരെയുള്ള വാടക 1253/രൂപ (വർദ്ധനവ് ഇല്ല) *08/2021 മുതൽ 03/2020 വരെ 1316/രൂപ (5% വർദ്ധന) |
| വിജയകുമാർ വലിയവീട്ടിൽ XIV/449 | 15036 (12*1253) | 15540 (4*1253+8*1316) | *04/2019 മുതൽ 07/2019 വരെ 1253/രൂപ (വർദ്ധനവ് ഇല്ല) *08/2021മുതൽ 03/2020വരെ 1316/രൂപ (5% വർദ്ധന) |
| കുമ്മറമ്മൻ ഇയ്യാത്തുട്ടി XIV/455 | 9528 (12*794) | 9528 (12*794) | വർദ്ധനവ് വരുത്തിയിട്ടില്ല |
| XIV/454 മാധവി മരുതിൽ | 9528 (12*794) | 9768 (6*794+6*834) | 04/2019 മുതൽ 09/2019 വരെ 794/രൂപ (വർദ്ധനവ് ഇല്ല) 10/2019 മുതൽ 03/2020 വരെ 834/രൂപ (5% വർദ്ധന) |

കെട്ടിടങ്ങളുടെ വാടകയിൽ വ്യത്യസ്ത നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തിയതിനുള്ള സാഹചര്യം വിശദമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ.02/2020-21 തിയ്യതി -13.01.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽഓവർ ഉൾപ്പെടെ ആകെ 185 പദ്ധതികൾ തയ്യാറാക്കിയതിൽ 77 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 185 | ആകെ അടങ്കൽ | 48060946 |
| നടപ്പിലാക്കിയത് | 77 | ചെലവ്<br>( 31.3.2020 ന് ട്രഷറിയിൽ ക്യൂ വിലായിരുന്ന 54 ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല) | 17987564 |
| ശതമാനം | 42 | ചെലവ് ശതമാനം | 37 |

മരാമത്ത് നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടുകൾ വളരെയധികം നിർവ്വഹിക്കപ്പെടാതെ പോകുന്നു.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത പ്രോജക്ടുകളിൽ 108 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. 51 സ്പിൽഓവർ പ്രൊജക്ടുകളിൽ 45 എണ്ണം മാത്രമാണ് നടപ്പാക്കാനായത്. പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അദ്ധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയുമാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കാതിരിക്കുന്നത് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതിനും ഫണ്ട് ലാപ്സാകുന്നതിനും ഇടയാക്കുന്നു.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിന് ക്രിയാത്മക നടപടികൾ ഉണ്ടാവേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

2. പ്രോജക്ടുടെ എണ്ണത്തിലുള്ള വർദ്ധനവ് - ഗുണമേൻമ ഉറപ്പാക്കാനാവുന്നില്ല.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. തൻവർഷം തയ്യാറാക്കിയ 185 പ്രൊജക്ടുകളിൽ 120 പ്രൊജക്ടുകളുടേയും അടങ്കൽ തുക 3 ലക്ഷത്തിൽ താഴെയാണ്. വളരെ കുറഞ്ഞ അടങ്കലിൽ റോഡ് നിർമ്മാണ പ്രൊജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനാൽ ഒന്നോ രണ്ടോ കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ. ഇത്തരം പ്രോജക്ടുകൾ പദ്ധതി ലക്ഷ്യം കൈവരിക്കാൻ പര്യാപ്തമല്ല. ഇപ്രകാരം പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് നിർവ്വഹണം പ്രയാസകരമാക്കുന്നതും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തിന് സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ്, സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

3. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

4. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രോജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രോജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

5. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.72/2017 /ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ പോരായ്മകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-14 സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 20020 രൂപ തിരിച്ചടവാക്കി.

സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 20020 രൂപ തിരിച്ചടവാക്കി .

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 10.16.1 നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് അധിക തുക വളാഞ്ചേരി സബ് ട്രഷറിയിൽ അടവാക്കി. (ചെലാൻ നമ്പർ-KL022332908221 2122M) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചെറുപറമ്പ് ജി.എൽപി.എസ് ബസ് ഷെഡ് നിർമ്മാണം (251/20)<br>ബിൽ 37/4.9.2019, 146500 രൂപ<br>കരാർ 77/17.11.2018<br>അളവ് പുസ്തകം 97/2018-19<br>കോൺട്രാക്ടർ ശ്രീ ജാസിർ പതിയിൽ<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>ടി.എസ് നമ്പർ- 69169/2018-19<br>എസ്റ്റിമേറ്റ്-200000<br>എസ്റ്റിമേറ്റ് നമ്പർ- 2018/103668 | ഇനം 6<br>253.25 Kg | 31370<br>@123.87/Kg | 28346<br>@111.93/Kg | 3024 |
| പൊതു ശ്മശാനത്തിന് ഷെഡ് നിർമ്മാണം (259/20)<br>ബിൽ - 51/27.2.2020, 300000 രൂപ<br>ചെക്ക് നമ്പർ- 2036005/15.1.2020, 947416 രൂപ<br>കരാർ 93/12.12.2018<br>അളവ് പുസ്തകം 102/2018-19<br>കോൺട്രാക്ടർ ശ്രീ നൗഷാദ് എ. | ഇനം 13<br>912.86 Kg | 112163<br>@122.87/Kg | 102176<br>@111.93/Kg | 9987 |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ് 37.25%<br>ടി.എസ് നമ്പർ- 94119/2018-19<br>എസ്റ്റിമേറ്റ്-1400000<br>എസ്റ്റിമേറ്റ് നമ്പർ- 2018/128160 | | | | |
| കല്ലാർമംഗലം ജി. എം. എൽ. പി.എസ് ബസ് ഷെഡ് നിർമ്മാണം (193/20)<br>ബിൽ 1/09.5.2019, തുക 146500 രൂപ<br>കരാർ -74/17.11.2018<br>അളവ് പുസ്തകം 73/2018-19<br>കോൺട്രാക്ടർ ശ്രീ . ബഷീർ. വി.പി.<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>ടി.എസ് നമ്പർ- 69163/2018-19<br>എസ്റ്റിമേറ്റ്-200000<br>എസ്റ്റിമേറ്റ് നമ്പർ- 2018/103674 | ഇനം 6<br>316.01 Kg | 39144<br>@123.87/Kg | 35371<br>@111.93/Kg | 3773 |
| മേൽമുറി ജി. എൽ. പി.എസ് ബസ് ഷെഡ് നിർമ്മാണം (194/20)<br>ബിൽ 2/09.5.2019, തുക 146500 രൂപ<br>കരാർ -65/14.11.2018<br>അളവ് പുസ്തകം 70/2018-19<br>കോൺട്രാക്ടർ ശ്രീ . അബ്ദുൽ കരീം.<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>ടി.എസ് നമ്പർ- 68505/2018-19<br>എസ്റ്റിമേറ്റ്-200000<br>എസ്റ്റിമേറ്റ് നമ്പർ- 2018/89854 | ഇനം 6<br>271.06 Kg | 33576<br>@123.87/Kg | 30340<br>@111.93/Kg | 3236 |
| അധികം | | | | 20020 |

## 1-15 അർഹതയുള്ള ധനസഹായം മുഴുവൻ നല്കിയില്ല

നിർവ്വഹണം : അസി.സെക്രട്ടറി

പ്രോജക്ട്: എസ് സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്
പ്രോജക്റ്റ് നം. 11/19-20

ചെലവു തുക:900000(എസ്.സി.പി)

| ക്രമ നം. | ബിൽ നം./തി. | തുക |
|---|---|---|
| 1 | 030800592239/20.9.2019 | 120000 |
| 2 | 030800634211/28.9.2019 | 160000 |
| 3 | 030800810648/12.11.2019 | 220000 |
| 4 | 030800810650/12.11.2019 | 220000 |
| 5 | 030800877647/27.11.2019 | 120000 |
| 6 | 030800953191/16.12.2019 | 60000 |
| 7 | | 900000 |

14.2.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭാവ ധനസഹായ മാർഗ രേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം മെഡിക്കൽ കോഴ്സിന് 30000, എഞ്ചിനീയറിംഗ് കോഴ്സിന് 25000, ബിരുദാനന്തര ബിരുദം, 30000 ബിരുദം/പോളി ടെക്നിക്ക് 20000 എന്നിങ്ങനെയാണ് നൽകാവുന്ന സ്കോളർഷിപ്പ് നിരക്ക്. എന്നാൽ മേൽ പദ്ധതി പ്രകാരം എല്ലാ അപേക്ഷകർക്കും 20000 രൂപ വീതം നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ അർഹമായ അനുകൂല്യത്തിൽ താഴെ പറയുന്ന കുറവിനു കാരണമായി.

| കോഴ്സ് | അപേക്ഷകർ | നല്കിയത് | അർഹതപ്പെട്ടത് | കുറവ് |
|---|---|---|---|---|
| എഞ്ചിനീയറിംഗ് ഡിഗ്രി | 4 | 20000 | 25000x4=100000 | 5000x4=20000 |
| മെഡിക്കൽ ഡിഗ്രി | 2 | 20000 | 30000x2=60000 | 10000x2=20000 |
| ബിരുദാനന്തര ബിരുദം | 5 | 20000 | 30000x5=150000 | 10000x5=50000 |
| ആകെ | | | | 90000 |

വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.07/18.1.2022 ന നല്കിയ മറുപടിയിൽ, വകയിരുത്തിയ ഫണ്ട് ഉപയോഗിച്ച് അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള എല്ലാവർക്കും മുഴുവൻ തുക നല്കാൻ തികയാതിരുന്നതിനാൽ സാമ്പത്തിക പിന്നോക്കാവാസ്ഥയിലുള്ള എല്ലാവർക്കും പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായാണ് പദ്ധതി ഇത്തരത്തിൽ നടപ്പാക്കിയതെന്ന് അറിയിക്കുകയുണ്ടായി. അർഹരായ ഓരോ അപേക്ഷകനും സർക്കാർ ഉത്തരവു പ്രകാരമുള്ള ആനുകൂല്യം നല്കാവുന്ന വിധത്തിൽ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തി- കെ.എസ്.ഇ.ബി - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തി കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പട്ടികപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം. | പ്രൊജക്ട് | ബിൽ/ചെക്ക് നം. തീ | തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 302/20, നാലാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കാനാവശ്യമായ തുക കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 1642039/10.02.20 | 4,00,000 | തനത്ഫണ്ട് |
| | | 1642098/20.03.20 | 1,80,209 | തനത്ഫണ്ട് |
| | | ആകെ | 5,80,209 | |
| 2 | 339/20, ജാറത്തിങ്ങൽ-എസി നിരപ്പ് റോഡ് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1642096/20.3.20 | 3,09,794 | തനത്ഫണ്ട് |
| 3 | 341/20, കാടാമ്പുഴ പടിഞ്ഞാറെ നിരപ്പ് റോഡ് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1642095/20.3.20 | 1,57,484 | തനത്ഫണ്ട് |
| 4 | 342/20,നീരടി പി.എം.എസ്.എ റോഡ് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1642097/20.3.20 | 2,03,336 | തനത്ഫണ്ട് |
| | ആകെ | | 1250823 | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 08/ 20.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 12,50,823 രൂപ തടസ്സം ചെയ്യുന്നു.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തി- വാട്ടർ അതോറിറ്റി - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് : 08/20, തിരുനാവായ കുടിവെള്ള പദ്ധതി നാലാം ഘട്ടം

നിർവ്വഹണം:സെക്രട്ടറി

ബിൽ/ചെക്ക് നം.തീ : 800905045/05.12.19 : 5,00,000 (SFC)

800905047/05.12.19 : 5,00,000 (SFC)

800905049/05.12.19 : 5,00,000 (SFC)

800905051/05.12.19 : 5,00,000 (SFC)

800905053/05.12.19 : 2,50,000 (SFC)

1642084/20.03.20 : 2,50,000 (Own)

ആകെ : 25,00,000

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി 25,00,000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.09/20.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 25,00,000 രൂപ തടസ്സം ചെയ്യുന്നു.

## 1-18 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണം : സെക്രട്ടറി

| പ്രോജക്ട് | ബിൽ/ചെക്ക് നം. | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് | തുക | |
| SO 01/20 ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 800737431/ 25.10.19 | 87958/ 22.10.19 | 4,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | -- | -- | 4,00,000 |

മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി (നം. 10/ 20.01.2022)]

## 1-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

നിർവ്വഹണം : സെക്രട്ടറി

| പ്രോജക്ട് | ബിൽ/ചെക്ക് നം. | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് | തുക | |
| SO 03/20 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 800700172/ 17.10.19 | PF-444/ 26.8.19 | 3,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | LF-1215/ 28.10.19 | 1,50,275 | 1,49,725 |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി നം. 11 / 20 .01.2022]

## 1-20 പണമിടപാടുകൾ നേരിട്ട് നടത്തി

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ " സമഗ്ര വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്തൽ " എന്ന പദ്ധതി (187/2019-20)യുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഫുഡ് ബോൾ പരിശീലനം നൽകുന്നതിന് പരിശീലകന് ഹോണറേറിയം നൽകുന്നതിനായി തനതു ഫണ്ടിൽ നിന്നും 65000 രൂപ 30.3.2020ന് ഹെഡ് മാസ്റ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ 363049 Dt. 4.5.2020) ഈ തുക ഹെഡ് മാസ്റ്റർ ബാങ്കിൽ നിന്ന് ക്യാഷ് ആയി പിൻ വലിച്ചാണ് പരിശീലകന് നൽകിയിട്ടുള്ളത്. ബാങ്ക് ട്രാൻസ്ഫർ വഴി അല്ലാതെ ഇപ്രകാരം പണമിടപാടുകൾ നേരിട്ട് നടത്തുന്നത് ക്രമപ്രകാരമല്ല. അപാകതക്ക് വിശദീകരണം നൽകാൻ ഹെഡ് മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.1.2022) നൽകിയ മറുപടിയിൽ അറിവില്ലായ്മ കാരണമാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാനും പണമിടപാടുകൾ ബാങ്ക് മുഖേന നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കിയിട്ടില്ല.

എ) പി.എച്.സി.- മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പി.എച്.സി. ക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(74/2019-20) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 200,000രൂപ (ബിൽ നം-6/2019-20, 2.12.2019) പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/19.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) പരിരക്ഷ- മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ "പരിരക്ഷ " എന്ന പദ്ധതി(67/2019-20) പ്രകാരം പരിരക്ഷ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 90,000രൂപ (ബിൽ നം- 8/2019-20, 13.2.2020) പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/ 19.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 400000 | 27/20 ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 27/20 ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 199776 | 67/20 പരിരക്ഷ | 199776 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 47362 | 39/20 നെൽകൃഷി വികസനം | 47362 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | നാലാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കാനാവശ്യമായ തുക കെഎസ്ഇബിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | | 580209 | 0 | UC ലഭ്യമല്ല | 580209 |
| കെഎസ്ഇബി | ജാറത്തിങ്ങൽ എസി നിരപ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 309794 | 0 | UC ലഭ്യമല്ല | 309794 |
| കെഎസ്ഇബി | കാടാമ്പുഴ പടിഞ്ഞാറേ നിരപ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 157484 | 0 | UC ലഭ്യമല്ല | 157484 |
| കെഎസ്ഇബി | നീരടി പിഎംഎസ്എ സ്കൂൾ റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 203336 | 0 | UC ലഭ്യമല്ല | 203336 |
| | | ആകെ | 1250823 | | | 1250823 |

| | | | | | | |
|---|---|---|---|---|---|---|
| KWA | തിരുനാവായ കുടിവെള്ള പദ്ധതി നാലാം ഘട്ടം | | 0 | 2500000 | UC ലഭ്യമല്ല | 2500000 |
| | | | ആകെ | 2500000 | | |

## 4-4 മൊബെലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1442900 | 2420000 | 529412 | 0 | 3333488 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 71065/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | ഖണ്ഡിക 2-1 | 2760 | പ്രിൻസിപ്പാൾ നസ്റത്ത് സ്കൂൾ രണ്ടത്താണി | 119070100970/21.05.2019 |
| 1969-70 | ഖണ്ഡിക 15, 16(a), 16(b) | 75 | എക്സിക്യൂട്ടീവ് ഓഫീസർ | 119070101108/31.05.2019 |
| 1970-71 | ഖണ്ഡിക 9(D), 9(E) | 250 | എക്സിക്യൂട്ടീവ് ഓഫീസർ | 119070101109/31.05.2019 |
| 1975-76 | ഖണ്ഡിക 18 | 243 | എക്സിക്യൂട്ടീവ് ഓഫീസർ | 119070101110/31.05.2019 |
| 2017-18 | ലഭ്യമല്ല | 3866 | അബ്ദുൾ റഷീദ് | 119070102903/30.08.2019 |
| 2008-2009 | ഖണ്ഡിക 3-3, 3-4 | 17499 | തസീല എൻ.എ | 1190701013498/30.09.2019 |
| 2007-2008 | ഖണ്ഡിക 3-6 | 45972 | തസീല എൻ.എ | 1190701013499/30.09.2019 |
| 1969-70 | ഖണ്ഡിക 20 | 96 | സെക്രട്ടറി | 11907010103889/23.10.2019 |
| 1969-70 | ഖണ്ഡിക 22(B) | 31 | സെക്രട്ടറി | 11907010103890/23.10.2019 |
| 1970-71 | ഖണ്ഡിക 15 | 10 | സെക്രട്ടറി | 11907010103891/23.10.2019 |
| 1970-71 | ഖണ്ഡിക 16 | 75 | സെക്രട്ടറി | 11907010103890/23.10.2019 |
| 1970-71 | ഖണ്ഡിക 17 | 12 | സെക്രട്ടറി | 11907010103893/23.10.2019 |
| 1978-79 | ഖണ്ഡിക 29 | 36 | | 11907010103894/23.10.2019 |
| 1984-85 | ഖണ്ഡിക 8(1) | 25 | സെക്രട്ടറി | 11907010103895/23.10.2019 |
| 1984-85 | ഖണ്ഡിക | 50 | സെക്രട്ടറി | 11907010103896/23.10.2019 |

| | | | | |
|---|---|---|---|---|
| | 8(2) | | | |
| 1984-85 | ഖണ്ഡിക 17 | 12 | സെക്രട്ടറി | 11907010103897/23.10.2019 |
| 1984-85 | ഖണ്ഡിക 18 | 6 | സെക്രട്ടറി | 11907010103898/23.10.2019 |
| 1976-77 | ഖണ്ഡിക 9(A) | 4 | സെക്രട്ടറി | 11907010103899/23.10.2019 |
| 1976-77 | ഖണ്ഡിക 9(B) | 1 | സെക്രട്ടറി | 11907010103900/23.10.2019 |
| 1969-70 | ഖണ്ഡിക 15 | 6 | സെക്രട്ടറി | 11907010103901/23.10.2019 |
| 1984-85 | ഖണ്ഡിക 8(3) | 36 | സെക്രട്ടറി | 11907010103906/23.10.2019 |
| ആകെ | | 71065 | 71065 | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2-3 | 2016-17 | --- | . | നടപടി തുടരുന്നു |
| 2016-17 | 3-15 | 2017-18 | --- | | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 11 | 12 | 13 |
| 1 | 1999-2000 | 3-5 1,2,6 | ഡോ. മുകുന്ദ വർമ്മ | LF 6611/ Spl.cell/ SC5/05 8.5.09/ 12.5.09 | 1044 | 1044/ 11202100940/ 10.10.12 | 1044 | 0 | |
| 2 | 1999- | 20, 26, | പി. ജയഭാരതി | LF 6611/ | 1067 | Rs 1067 | 1067 | 0 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 01 | 33 | | Spl.cell/ SC5/05 10.08 | | Rt 112021009 41/10-10-12 | | | |
| 3 | 2008-09 | 3-3, 3-4p | എ.എ.ടെസീല സെക്രട്ടറി | LF 6611/ Spl.cell/c4 D1/C5/6.3.9 | 15009 | -- | 0 | 15009 | |
| 4 | 2008-09 | 3-9 3-10 3-11 | എസ്. മനോജ്, കൃഷി ഓഫീസർ | LF 6611/ Spl.cell/c D1/C5/6.3.9 | 35000 | -- | -- | 35000 | |
| 5 | 2006-07 | 3(3) | ജയരാജൻ, സെക്രട്ടറി | LF 17138/ Spl.cell/sc D1/12/ 11-2-2015 | 4000 | -- | 0 | 4000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68211169 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67983372 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3750823 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1250823 | അനിത ജെ. സ്റ്റീഫൻ, സെക്രട്ടറി |
| 1-17 | 2500000 | അനിത ജെ. സ്റ്റീഫൻ, സെക്രട്ടറി |
| ആകെ | 3750823 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 3 |
| 1970-71 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 2 |
| 1971-72 | എൽ എഫ് എം7/1405/94 തിയ്യതി 22.07.94 | 4 |
| 1972-73 | എൽ എഫ് എം7/1406/94 തിയ്യതി 22.07.94 | 3 |
| 1976-77 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 1 |
| 1977-78 | എൽ എഫ് എം7/1629/94 തിയ്യതി 22.07.94 | 1 |
| 1978-79 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 1 |
| 1980-81 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 2 |
| 1981-82 | എൽ എഫ് എം7/1843/94 തിയ്യതി 22.07.94 | 2 |
| 1982-83 | കെ.എസ്.എ.എം.പി.എം.13/1448/19/15-10-19 | 5 |

| | | |
|---|---|---|
| 1984-85 | എൽ എഫ് എം7/1839/94 തിയ്യതി 22.07.94 | 4 |
| 1985-86 | എൽ എഫ് എം7/1840/94 തിയ്യതി 22.07.94 | 7 |
| 1990-91 | എൽ എഫ് എം7/609/92 തിയ്യതി 10.02.94 | 10 |
| 1991-92 | എൽ എഫ് എം7/195/94 തിയ്യതി 10.01.95 | 7 |
| 1992-93 | എൽ എഫ് എം5/771/96 തിയ്യതി 26.09.96 | 7 |
| 1994-95 | എൽ എഫ് എം13/1464/99 തിയ്യതി 10.02.00 | 10 |
| 1995-96 | എൽ എഫ് എം12/1630/03 തിയ്യതി 16.06.04 | 6 |
| 1996-97 | എൽ എഫ് എം12/1631/03 തിയ്യതി 16.06.04 | 11 |
| 1997-98 | എൽ എഫ് എം12/1632/03 തിയ്യതി 16.06.04 | 7 |
| 1998-99 | എൽ എഫ് എം12/1633/03 തിയ്യതി 18.06.04 | 12 |
| 1999-00, 2000-01 പ്ലാൻ ഫണ്ട് ചെലവ് | എൽ എഫ് എം12/1634/03 തിയ്യതി 19.06.04 | 34 |
| 1999-00 | എൽ എഫ് എം12/493/08 തിയ്യതി 09.04.08 | 2 |
| 2000-01 | എൽ എഫ് എം9/494/08 തിയ്യതി 09.04.08 | 2 |
| 2001-02 | എൽ എഫ് എം9/495/08 തിയ്യതി 09.04.08 | 4 |
| 2002-03 | എൽ എഫ് എം9/496/08 തിയ്യതി 07.04.08 | 10 |
| 2003-04 | എൽ എഫ് എം9/497/08 തിയ്യതി 09.04.08 | 9 |
| 2004-05 | എൽ എഫ് എം9/498/08 തിയ്യതി 03.05.08 | 14 |
| 2005-06 | എൽ എഫ് എം9/515/10 തിയ്യതി 06.07.10 | 15 |
| 2006-07 | എൽ എഫ് എം13/2904/11 തിയ്യതി 06.10.16 | 16 |
| 2007-08 | എൽ എഫ് എം13/2499/11 തിയ്യതി 24.01.12 | 13 |
| 2008-09 | എൽ എഫ് എം13/2500/11 തിയ്യതി 24.12.11 | 12 |
| 2009-10, 2010-11 | എൽ എഫ് എം13/1169/13 തിയ്യതി 10.12.13 | 17 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം13/3069/15 തി:02.03.2017 | 28 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം13/2141/16 തി.24.06.2017 | 26 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം13/51/2017 തിയ്യതി 18.04.2018 | 17 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം13/1826/2017 തിയ്യതി 01.08.2018 | 29 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം13/217/2019 തിയ്യതി 19.02.2019 | 25 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം13/760/2020 തിയ്യതി 29.05.2020 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

എൽ. 3/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്